പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3778

20.07.2015 ൽ മറുപടിയ്ക്ക്

## അടച്ചു പൂട്ടുന്ന എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എ.എം. ആരിഫ് | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകൾ വാണിജ്യാ സമുച്ചയങ്ങൾ പണിയുന്നതിനായി അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അടച്ചുപൂട്ടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (ബി) ഈ അദ്ധ്യയന വർഷാരംഭത്തിൽ എത്ര മാനേജ്മെന്റ് സ്കൂളുകളാണ് നോട്ടീസ് നൽകി പൂട്ടിയത് എന്നറിയിക്കാമോ; | (ബി) കുട്ടികളില്ലാത്തതുമൂലം പ്രവർത്തനം നിലച്ചുപോയ കൊല്ലം ജില്ലയിലെ കുരീപ്പുഴ സാലിഹ മെമ്മോറിയൽ ഹൈസ്കൂൾ 17-03-15 ലെ സ.ഉ(കൈ) 71/15/പൊ.വി. പ്രകാരം 2015-16 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടിയിട്ടുണ്ട്. മറ്റൊരു സ്കൂളും ഈ അദ്ധ്യയനവർഷത്തിൽ അടച്ചുപൂട്ടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (സി) 2011 ലെ കേരള വിദ്യാഭ്യാസ അവകാശ നിയമം പ്രകാരം ഈ സ്കൂളുകൾ അടച്ചുപൂട്ടാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടായിരുന്നോ; | (സി) വിദ്യാഭ്യാസ അവകാശ നിയമം 2011 പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയ സ്കൂളിന്റെ കാര്യത്തിലാണ് സർക്കാർ അനുമതി നൽകിയത്. |

| | |
|---|---|
| (ഡി) സർക്കാർ തീരുമാനത്തിനായി കോടതി എത്ര മാസമാണ് അനുവദിച്ചിരുന്നത്;<br><br>(ഇ) ഈ സമയപരിധിക്കുള്ളിൽ ഒരു തീരുമാനമെടുക്കാൻ സാധിച്ചിരുന്നോ;<br><br>(എഫ്) ഈ അനാസ്ഥ കാരണമാണ് മാനേജ്മെന്റുകൾക്കനുകൂലമായ കോടതി വിധി ഉണ്ടായതെന്നു കരുതാമോ? | (ഡി) (ഇ) & (എഫ്) സ്കൂളുകൾ അടച്ചുപൂട്ടുന്നതിനായി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി 5209/12, 5210/12 എന്നിവയിലെ 12-11-14 ലെ വിധിന്യായ പ്രകാരം ബഹു. കോടതി സർക്കാർ തീരുമാനത്തിനായി വിധിപ്പകർപ്പ് ലഭ്യമായ ശേഷം 6 മാസത്തെ സമയം അനുവദിച്ചിരുന്നു. അതു പ്രകാരം നിശ്ചിത പരിധിയ്ക്കുള്ളിൽ തന്നെ പാലക്കാട് ജില്ലയിലെ എ.ജെ.ബി. സ്കൂൾ, എൽ.എൻ. പുരം, സി.എം.എം. ജെ.ബി.എസ്, മുരുകണി, പി.എ.എം.എം.യു.പി. സ്കൂൾ, കല്ലേപ്പുള്ളി എന്നീ സ്കൂളുകൾ അടച്ചുപൂട്ടണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത ആവശ്യം നിരാകരിച്ചുകൊണ്ട് 08-07-15 ലെ സ.ഉ(സാധാ) 2776/15/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ